**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1275** **18-01-2021 - ൽ മറുപടിയ്ക്ക്**

**സഹിതം ഡിജിറ്റൽ പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി വീണാ ജോർജ്ജ് | | Prof. C. Raveendranath (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്കായി 'സഹിതം' എന്ന ഡിജിറ്റൽ പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഗുണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എസ്.സി.ഇ.ആർ.ടി യുടെ സഹായത്തോടെ 'സഹിതം' എന്ന പേരിൽ പ്രത്യേക ഓൺലൈൻ ആപ്ലിക്കേഷൻ വികസിപ്പിച്ച് ലഭ്യമാക്കിയിട്ടുണ്ട്. 'സമ്പൂർണ' സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ് വെയറിലുള്ള കുട്ടികളുടെ അടിസ്ഥാന വിശദാംശങ്ങൾ അധ്യാപകരുടെ ലോഗിനിൽ ലഭ്യമാക്കി, 'സഹിതം' പോർട്ടലിലുള്ള മെന്ററിംഗിലൂടെ നിശ്ചിത എണ്ണം കുട്ടികൾ ഒരു അധ്യാപകന്/അധ്യാപികയാൽ കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിനും അന്വേഷണ പഠനത്തിനായി സഹായിക്കുന്നതിനും സോഫ്റ്റ് വെയറിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. കുട്ടികളുമായുള്ള അനൗപചാരിക സംവാദം, ഗൃഹസന്ദർശനം, നിരന്തര നിരീക്ഷണം തുടങ്ങിയവയിലൂടെ കുട്ടിയെ സംബന്ധിക്കുന്ന കൂടുതൽ പശ്ചാത്തല വിവരം മനസ്സിലാക്കുന്നതിനും തിരിച്ചറിയുന്നതിനുമുള്ള പ്രവർത്തനങ്ങളും ഇതുവഴി നടപ്പാക്കാൻ കഴിയും. |
| (ബി) | ഈ അക്കാദമിക വർഷം മുതൽ എല്ലാ പ്രൈമറി സ്കൂളുകളിലും ഈ പോർട്ടൽ ഉപയോഗിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സെക്കന്ററി ക്ലാസ്സുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ? | (ബി) | കോവിഡ് പശ്ചാത്തലത്തിൽ ഈ അക്കാദമിക് വർഷം എല്ലാ പ്രൈമറി സ്കൂളിലും 'സഹിതം ' പോർട്ടൽ ഉപയോഗിക്കുന്നതിന് സാധിച്ചിട്ടില്ല. സെക്കണ്ടറി സ്കൂളിലേക്ക് പദ്ധതി വ്യാപിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ